**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **13-09-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ കുടുംബശ്രീ സംരംഭങ്ങൾക്കുള്ള സബ്സിഡി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടത്തുന്ന സംരംഭങ്ങൾ, ജനകീയ ഹോട്ടൽ തുടങ്ങിയവക്കുള്ള സബ്സിഡി വിതരണം ചെയ്യുന്നതിൽ കോഴിക്കോട് ജില്ലയിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ല ഉൾപ്പെടെ എല്ലാ ജില്ലകളിലും ജനകീയ ഹോട്ടലുകൾക്ക് 2022 നവംബർ മാസം വരെയുള്ള സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 2022 ഡിസംബർ മാസത്തെ സബ്സിഡി അപേക്ഷകൾ മാറി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുശേഷമുള്ള സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യത അനുസരിച്ച് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ അയൽക്കൂട്ടങ്ങൾ നടത്തുന്ന മറ്റ് സംരംഭങ്ങൾക്ക് അർഹമായ സബ്സിഡി തുക നല്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ പ്രത്യേക കാലതാമസമുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ